ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി), (സി), (ഡി), (ഇ), (എഫ്) ഉദിക്കുന്നില്ല.

പഞ്ചായത്തുകളിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

255 [427] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡച്ചു ഗവൺമെൻറിൻെറ സഹായത്തോടുകൂടി കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) പാലക്കാട് ജില്ലയിൽപ്പെട്ട മത്താല, തിരുവേഗപ്പുറ, പരത്തൂർ, പട്ടിത്തറ, നാഗലശ്ശേരി, ചാലിശ്ശേരി, കച്ചൂർ, തിരുമറ്റക്കോട്, ആനക്കര എന്നീ പഞ്ചായത്തുകൾക്ക് ബാധകമായി ഒരു ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡച്ച് ഗവൺമെൻറിൻെറ സഹായത്തോടുകൂടി കേരളത്തിൽ നടപ്പിലാക്കിവരുന്ന ഏഴ് ശുദ്ധജല വിതരണ പദ്ധതികളും അവകൊണ്ട് പ്രയോജനപ്പെടുന്ന 30 പഞ്ചായത്തുകളും താഴെ പറയുന്നവയാണ്.

		പഞ്ചായത്തുകൾ
1.	വക്കം-അഞ്ചുതെങ്ങ് ശുദ്ധജലവിതരണ പദ്ധതി	(1) വക്കം (2) അഞ്ചുതെങ്ങ് (3) അഴൂർ (4) കിഴുവിലം (5) ചിറയിൻകീഴ്.
2.	നാട്ടിക-ഫിർക്ക ശുദ്ധജല വിതരണ പദ്ധതി	(1) ശ്രീനാരായണപുരം (2) പാപ്പിനിവട്ടം (3) പെരിഞ്ജനം (4) കൈപ്പമംഗലം (5) ഇടത്തിരുത്തി (6) വലപ്പാട് (7) തളിക്കുളം (8) വാടാനപ്പള്ളി (9) എങ്ങണ്ടിയൂർ
3.	മാളയും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി	(1) മാള (2) അന്നമനട (3) കുഴൂർ (4) പൊയ്യ (5) പുത്തൻചിറ (6) വെള്ളാങ്ങല്ലൂർ.
4.	കുണ്ടറയും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി	(1) നടുവത്തൂർ (2) കുളക്കട (3) പവിത്രേശ്വരം (4) എഴുകോൺ (5) കുണ്ടറ (6) കിഴക്കേകല്ലട (7) പേരയം.
5.	കോയിപ്പുറം ശുദ്ധജല വിതരണ പദ്ധതി	കോയിപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

	പഞ്ചായത്തുകൾ
6. ചെറിയനാട് ശുദ്ധജല വിതരണ പദ്ധതി	ചെറിയനാട്.
7. തൃക്കുന്നപ്പുഴ ശുദ്ധജല വിതരണ പദ്ധതി	തൃക്കുന്നപ്പുഴ.

ഈ പദ്ധതികൾ കൂടാതെ പാവറട്ടിയും 16 സമീപ പഞ്ചായത്തുകളും ഉൾപ്പെടെ ഒരു ശുദ്ധജല വിതരണ പദ്ധതിയും കുട്ടനാട് ജലവിതരണ പദ്ധതിയും ഡച്ച് ഗവൺമെൻറ് പരിഗണനയിലുണ്ട്.

(ബി) പാലക്കാട് ജില്ലയിലേയും തൃശ്ശൂർ ജില്ലയിലേയും 17 പഞ്ചായത്തുകൾക്ക് ഒരു ബൃഹത്തായ പദ്ധതി ഡച്ച് ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഈ പദ്ധതികൊണ്ട് പ്രയോജനപ്പെടുന്ന പഞ്ചായത്തുകളുടെ വിവരം താഴെ പറയുന്നു :

പാവറട്ടിയും സമീപ പഞ്ചായത്തുകൾക്കും ഉള്ള ശുദ്ധജല വിതരണ പദ്ധതി.—നാഗലശ്ശേരി, ചാലിശ്ശേരി, പട്ടിത്തറ, കടവല്ലൂർ, പോർക്കുളം, ചൊവ്വന്നൂർ, കടങ്ങപ്പാൽ, ആർത്താട്ട്, വടക്കേക്കാട്, പുന്നയൂർക്കുളം, പുന്നയൂർ, പാക്കോട്, തെക്കാട് ഇലവട്ടി, പാവറട്ടി, മുല്ലശ്ശേരി, വെങ്കിടങ്ങ്.

പാലക്കാട് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങൾ

256 [428] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം വില്ലേജുകളും പഞ്ചായത്തുകളുമാണ് ഇക്കൊല്ലം വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചത് ;

(ബി) ഏതെല്ലാം ജലസേചന പദ്ധതികളുടെ ആയക്കെട്ട് ഏരിയകളിൽ വരൾച്ചബാധ ഉണ്ടായിട്ടുണ്ട് ;

(സി) ചുള്ളിയാർ (ഗായത്രി രണ്ടാം ഘട്ടം) പദ്ധതിയിൽനിന്ന് രണ്ടാം വിളയ്ക്കു ആവശ്യമായ ജലസേചനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ചുള്ളിയാർ ജലസംഭരണിയിൽ കൂടുതൽ ജലം സംഭരിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ ;

(ഇ) പലകപ്പാണ്ടി പുഴയിൽ നിന്നുള്ള വെള്ളം വ്യർഥമായി ഒഴുകിപോകുന്നത് ചുള്ളിയാർ ജല സംഭരണിയിൽ സംഭരിക്കുന്നതിന് വല്ല അന്വേഷണവും നടത്താൻ ഉദ്ദേശവുമുണ്ടോ ?

ഉത്തരം

(എ) ചിറ്റൂർ താലൂക്കിൽ കൊഴിഞ്ഞാംപാറ, വലിയവല്ലാംപതി, കുന്നാംകാട്ടുപതി, കോഴിപതി, എഴുത്തോംപതി, മഞ്ചികുന്നംപതി, ആറ്റുപുറംപതി, ഒഴലപ്പതി, തേനാംപതി, വടകരപതി, എരുവട്ടപ്പുരപ്പതി, എന്നിവിടങ്ങളിലും മണ്ണാർക്കാട്ടു താലൂക്കിൽ പാലക്കയും, കല്ലമല, പടവയൽ, പുതൂർ, അഗളി, കോടത്തറ, ഷോളയൂർ എന്നിവിടങ്ങളിലുമാണ്.

(ബി) വാളയാർ, ചുള്ളിയാർ, ജലസേചനപദ്ധതികളുടെ ആയക്കെട്ട് ഏരിയകളിൽ വരൾച്ചബാധ ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല

(ഡി) ഉണ്ട്

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly